**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2851** **22-01-2021 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | എല്ലാ ഗ്രാമീണ വീടുകളിലും കടിവെള്ള കണക്ഷൻ നൽകാനായി നടപ്പാക്കിയ ജലജീവൻ മിഷൻ പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ 21.42 ലക്ഷം കണക്ഷൻ നൽകാൻ ലക്ഷ്യമിട്ടെങ്കിലും ഇതിനകം നൽകാനായത് 1.31 ലക്ഷം കണക്ഷൻ മാത്രമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 19.01.2021-ലെ കണക്കനുസരിച്ച് JJM പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 184450 ഗാർഹിക കുടിവെള്ള കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഉദ്ദേശിച്ച വേഗം പദ്ധതിക്ക് കൈവരിക്കാനാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ജലജീവൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് 2020 ആഗസ്റ്റ് മാസത്തിൽ സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിനുടർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി നിർവഹണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ 18.80 ലക്ഷം കണക്ഷനുകൾ നൽകാനുള്ള പ്രവർത്തികൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 11.31 ലക്ഷം കണക്ഷനുകൾ നൽകാനുള്ള പ്രവർത്തികൾക്ക് വർക്ക് ഒർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോവിഡ് മഹാമാരിയുടെ വ്യാപനം കാരണം തൊഴിലാളികളുടെ ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് പദ്ധതി നിർവഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ പൈപ്പുകളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും ലഭ്യതയിൽ ഉണ്ടായിട്ടുള്ള ക്ഷാമം, പ്രസ്തുത വസ്തുക്കളുടെ വിലവർധന,ടെക്നിക്കൽ സ്റ്റാഫിന്റെ പ്രധാനമായും ഓവർസീയർമാരുടെ കുറവും, റോഡ്കട്ടിങ്ങുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുതലായവയും പദ്ധതിനടത്തിപ്പിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും പ്രശ്നങ്ങൾക്ക് യഥാസമയം പരിഹാരം കണ്ട് പദ്ധതിനിർവഹണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കേന്ദ്ര സർക്കാരുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണോ ജലമിഷൻ; എങ്കിൽ കേന്ദ്രത്തിൽ | (സി) | കേന്ദ്ര സർക്കാരുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ പദ്ധതി. കേന്ദ്ര- |

| | | | |
|---|---|---|---|
| | നിന്ന് പദ്ധതിക്ക് ആവശ്യമായ എന്തൊക്കെ സഹായങ്ങൾ ലഭ്യമാകും; | | സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. 10ശതമാനം ഗുണഭോക്തൃ വിഹിതമാണ്. |
| (ഡി) | ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ചെലവിടുന്ന തുക എത്ര; പദ്ധതി എന്നത്തേക്ക് പൂർത്തിയാകും; വിശദാംശങ്ങൾ നൽകുമോ? | (ഡി) | 2020-21 സാമ്പത്തികവർഷം സംസ്ഥാനത്ത് ജലജീവൻ പദ്ധതി പ്രകാരം ഇതുവരെ 21.65 ലക്ഷം കണക്ഷനുകൾ നൽകാനായുള്ള 6765.25 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2245.89 കോടി സംസ്ഥാന വിഹിതവും 999.07 കോടി പഞ്ചായത്ത് വിഹിതവും ആയി സർക്കാർ ചിലവിടുന്നു. സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024ഓട് കൂടി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകാനാണു ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ